# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3766 | 26.06.2012-ൽ മറുപടിയ്ക്ക്

**എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനം വകുപ്പിൽ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ക്ഷേമ പ്രവർത്തനങ്ങൾക്കായി എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; | എ) വനം വകുപ്പിൽ പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ പ്രത്യേകമായി എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. എന്നാൽ സംരക്ഷിത മേഖലകളായ വന്യജീവി സങ്കേതങ്ങൾ, നാഷണൽ പാർക്കുകൾ, പക്ഷി സങ്കേതങ്ങൾ എന്നിവിടങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. എക്കോ ഡവലപ്പ്മെന്റ കമ്മിറ്റികളുടെ ആത്യന്തിക ലക്ഷ്യം സംരക്ഷിത മേഖലകളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുക, അവയുടെ പരിപാലനത്തിൽ ജനപങ്കാളിത്തം മെച്ചപ്പെടുത്തുക എന്നിവയാണ്. |
| ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് എത്ര എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; ഏതെല്ലാം വനപ്രദേശങ്ങളിലാണ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | ബി) സംസ്ഥാനത്ത് 187 എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളിലും നാഷണൽ പാർക്കുകളിലുമാണ് എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. നെയ്യാർ, പേപ്പാറ, ചെന്തുരുണി, ആനമുടി, ഇരവികുളം, ഇടുക്കി, കുറിഞ്ഞിമല, പാമ്പാടും ചോല, പെരിയാർ (തേക്കടി), തട്ടേക്കാട്, ചിമ്മിണി, പീച്ചി വാഴാനി, പറമ്പിക്കുളം, സൈലന്റ് വാലി, മലബാർ, വയനാട്, ആറളം എന്നീ സംരക്ഷിത മേഖലകളിലാണ് എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. |

| | |
|---|---|
| സി) എക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും, ചുമതലകളും എന്തൊക്കെയാണ്? | സി) സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുന്നതിലും, നടപ്പിലാക്കുന്നതിലും പങ്കാളികളാവുക, വന്യമൃഗ സങ്കേതം/ദേശീയോദ്യാനം എന്നിവയെ അനധികൃത പ്രവേശനം, കയ്യേറ്റം, കാലിമേച്ചിൽ, കാട്ടുതീ, വന വിഭവങ്ങളുടെ മോഷണം, വന്യജീവി വേട്ട, കഞ്ചാവ് കൃഷി എന്നിവയിൽ നിന്നും സംരക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും, സംരക്ഷിതമേഖലയുടെ പരിപാലനത്തിൽ പങ്കാളികളാവുകയും ചെയ്യുക, സൂക്ഷ്മാസൂത്രണ രേഖ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക, വില്ലേജ് എക്കോ ഡവലപ്പ്മെന്റ് പരിപാടികൾക്ക് ആവശ്യമായി വരുന്ന മൂലധനത്തിന്റെ25% കണ്ടെത്തി നൽകുക, വില്ലേജ് എക്കോ ഡവലപ്പ്മെന്റ് പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ ലഭിക്കുന്ന പ്രയോജനങ്ങൾ പങ്ക് വയ്ക്കുക, ഗ്രാമങ്ങളിലും സെറ്റിൽ മെന്റുകളിലും പ്രകൃതി  സംരക്ഷണത്തെക്കുറിച്ചും, സുസ്ഥിര വികസനത്തെ ക്കുറിച്ചും പ്രകൃതി വിഭവങ്ങളുടെ ശരിയായ  രീതിയിലുള്ള ഉപഭോഗത്തെക്കുറിച്ചും അവയുടെ പ്രാധാന്യത്തെക്കുറിച്ചും  അവബോധം വളർത്തുക എന്നിവയാണ്  എക്കോ ഡവല-പ്പ്മെന്റ്  കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും. |

സെക്ഷൻ ഓഫീസർ